# ചെപ്പ് 2024

## ഡിജിറ്റൽ മാഗസിൻ




## എം റ്റി ജി എച്ച് എസ്

കൊട്ടാരക്കര

# ആമുഖം

2023-24വർഷത്തെ കൊട്ടാരക്കര മർത്തോമ്മാ ഗേൾസ് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ 9-ാം ക്ലാസ് കുട്ടികൾ തയ്യാറാക്കിയ ഒരു ഡിജിറ്റൽ വായനാ അനുഭവം.

സ്ക്കൂളിലെ കുട്ടികളുടെ രചനകളും വായനാനുഭവങ്ങളും പ്രവർത്തനങ്ങളുടെയും നിറങ്ങൾ ചാർത്തിയ ഈ ചെപ്പ് ഏവർക്കുമായി ഞങ്ങൾ സമർപ്പിക്കുന്നു.

# ഉള്ളടക്കം

കാർമേഘം....4

കിളിക്കൊഞ്ചൽ....5
ഉടുപ്പ്....6
വിഡ്ഢികളായ കുരങ്ങൻമ്മാർ....7
അത്യാഗ്രഹി സിംഹം....8
ഉത്തരം കണ്ടെത്താമോ....9
വേനൽ....10
പശുക്കളും സിംഹങ്ങളും....11
കാററ്....12
വിദ്യ....13
മഴവില്ലിനോട്....14
അശ്വമേധം....15.
ലഹരി എന്ന കെണി....16
വിശശ്വം ദീപമയം....17
ബഹിരാകാശ ക്വിസ്....18
ക്രുസൃതി ചോദ്യങ്ങൾ....19
ഈശ്വരകാരുണ്യം....20
ആറൻമുളവള്ളം കളി....21
കുട്ടനാടൻ പുഞ്ചയിലെ....22
നീലാകാശം....23
വായനയുടെ പൃധാന്യം....23
ജീവിതം....26
വലുതും ചെറുതും....26
കാലാവസ്ഥ....27
ആദ്യത്തെ ചിപ്കോസമരം....28
ഡാറ്റകൊണ്ട് എന്ത്ചെയ്യാം....29
പിടിമുറുക്കുന്ന വെള്ളക്കാരൻ....30
പുഞ്ചിരി....31
സായാഹ്നം....32
ന്യൂക്ളിയാർ ഫിഷൻ....33
കൊടുങ്കാറ്റുകളുടെനാട്....34

# കാർമേഘം

മനം പോലെ മാനവും ഇരുളുന്നു വീണ്ടും .
. പെയ്യൊഴിയൊഴിയുന്നില്ല ഒരു തുള്ളിപ്പോലും ...!!
ഘനമേറെയാണതാനും.
. ആർത്തലച്ചു പെയ്യണം ലഘുവായ് വീണ്ടും-
വാനിലേക്കുണർന്നുയരാൻ ഈ ചക്രമിതുപോൽ-
തുടരുവാൻ .

ഫാബിയ
9B

# കിളികൊഞ്ചൽ

വലിയൊരു ലോകം
മുഴുവൻ നന്നാവാൻ
ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക

- കുഞ്ഞുണ്ണി മാഷ്

# ഉടുപ്പ്

നിഴലുടുപ്പിട്ട -
നങ്ങാതെ കണ്ണിമ
വെട്ടാതെ സിന്ധൂര -
പ്പൊട്ട് മായുന്നതും
ഉപ്പ് ചുരണ്ടി,രു- ളുടുപ്പൂരിഞ്ഞതും
കണ്ട , നങ്ങാതെന്നും കരിപ്രതിമ ഞാൻ!

- വിനോദ്

# വിഡ്ഢികളായ കുരങ്ങന്മാർ

വളരെക്കാലം മുമ്പ്, മഞ്ഞുകാലത്ത്, ഒരു കൂട്ടം കുരങ്ങന്മാർക്ക് കടുത്ത തണുപ്പ് അനുഭവപ്പെട്ടു. അവർ പരസ്പരം സംസാരിച്ചു, അവരുടെ വനത്തിനടുത്തുള്ള ഒരു ഗ്രാമത്തിലേക്ക് പോയി ചൂടുള്ള തീയിൽ ഇരിക്കാൻ തീരുമാനിച്ചു. കുരങ്ങന്മാർ അവിടെ എത്തി തീയുടെ അടുത്ത് ഇരുന്നപ്പോൾ ഗ്രാമവാസികൾ രോഷാകുലരായി. തങ്ങളുടെ ഗ്രാമത്തിൽ കുരങ്ങുകൾ വേണ്ട എന്നതിനാൽ ഗ്രാമവാസികൾ അവരെ ഓടിക്കുകയായിരുന്നു. കുരങ്ങന്മാർ കാട്ടിലേക്ക് മടങ്ങി, ഗ്രാമവാസികളെപ്പോലെ തീ ഉണ്ടാക്കാമെന്ന് തീരുമാനിച്ചു. കുരങ്ങന്മാർ മരം പെറുക്കി അതിൽ ചുവന്ന കായകൾ ഇട്ടു. ചുവന്ന സരസഫലങ്ങൾ കൽക്കരി ആണെന്നും തീ ഉണ്ടാക്കുമെന്നും അവർ കരുതി. പക്ഷേ തീപിടിത്തമുണ്ടായില്ല, അവർ അമ്പരന്നു. മരത്തിലെ പക്ഷികൾ വിഡ്ഢികളായ കുരങ്ങുകളെ നോക്കി ഹൃദ്യമായി ചിരിച്ചു. കുരങ്ങന്മാർ തങ്ങളുടെ വിഡ്ഢിത്തത്തിൽ ലജ്ജിച്ചു.

ധാർമ്മികത: എല്ലാത്തെക്കുറിച്ചും പൂർണ്ണമായ അറിവ് ശേഖരിക്കുക,

ആദിത്യ അജികുമാർ
9B

# അത്യാഗ്രഹി സിംഹം

ഒരു വേനൽക്കാല ദിനത്തിൽ, കാട്ടിൽ ഒരു സിംഹത്തിന് വിശപ്പ് തോന്നിത്തുടങ്ങി. ഭക്ഷണത്തിനായി വേട്ടയാടാൻ തുടങ്ങിയപ്പോൾ ഒറ്റയ്ക്ക് കറങ്ങുന്ന മുയൽ അവനെ കണ്ടുമുട്ടി. മുയലിനെ പിടിക്കുന്നതിനുപകരം "കുറച്ച്. മുയലിന് എന്റെ വിശപ്പടക്കാൻ കഴിയില്ല" എന്ന് പറഞ്ഞ് അവൻ പരിഹസിച്ചു. അപ്പോൾ, സുന്ദരിയായ ഒരു മാൻ അതുവഴി കടന്നുപോയി, അവസരം മുതലെടുക്കാൻ തീരുമാനിച്ചു, അവൻ മാനിന്റെ പിന്നാലെ ഓടി ഓടി, പക്ഷേ വിശപ്പ് കാരണം അവൻ തളർന്നതിനാൽ, മാനിന്റെ വേഗതയിൽ പിടിച്ചുനിൽക്കാൻ അയാൾ പാടുപെട്ടു. തളർന്നുപോയ സിംഹം തന്റെ വയറിന് തീറ്റ കൊടുക്കാൻ മുയലിനെ തേടി കുറച്ച് നേരം തിരിച്ചു പോയെങ്കിലും അവൻ പോയി . സിംഹം ദുഃഖിതനായിരുന്നു, വളരെ നേരം പട്ടിണി കിടന്നു..

കഥയുടെ ധാർമ്മികത - അത്യാഗ്രഹം ഒരിക്കലും നല്ല കാര്യമല്ല.



പാർവ്വതി എസ്
8F

# ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്താമോ?

1.എത്ര തല്ലിയാലും നുള്ളിയാലും കരയാത്ത കുട്ടി ?

2. കാ .. കാ .. എന്ന് കരയുന്നത് കാക്കകൾ കീ .. കീ .. എന്ന് കരയുന്നത് ആര് ?

3. നമ്മുടെ അടുക്കളയിൽ കാണുന്ന മൂന്ന് രോഗങ്ങളുടെ പേര് പറയാമോ ?

4. നമുക്ക് ഇത് ഉണ്ടാക്കാൻ പറ്റും പക്ഷെ കാണാൻ പറ്റില്ല ?

5. നാലും നാലും കൂട്ടുമ്പോൾ 9 കിട്ടുന്നതെപ്പോളാണ് ?

9

കൃഷ്ണ കൃപ
8F

# വേനൽ

ഹൃദയ ഭിത്തികൾ
ദുർബലമാക്കിയോരഗ്നി പർവത
സ്ഫോടനത്തിൽ , തിളച്ചു മറിഞ്ഞ
ലാവാ ജ്വാലകൾ മിഴികളിൽ
നിറച്ചു ചുറ്റുമുള്ളവയൊക്കെ ചുട്ടു-
പൊള്ളിക്കുന്നു .

# മഴ

മിഴികളിൽ നിന്നുത്ഭവിച്ചു
കവിളുകളിലൂടൊഴുകിയിറങ്ങി
മനസിനെ തണുപ്പിക്കുന്നു
- മഞ്ജു

# പശുക്കളും സിംഹങ്ങളും

ഒരു ചെറിയ വനത്തിൽ അഞ്ച് പശുക്കൾ താമസിച്ചിരുന്നു, അവർ ഒരു വലിയ പച്ച പുൽമേട്ടിൽ പുല്ല് തിന്നു. അവർ നല്ല സുഹൃത്തുക്കളായിരുന്നു. എല്ലാം ഒരുമിച്ച് ചെയ്യാൻ അവർ തീരുമാനിച്ചു, അതിനാൽ സിംഹങ്ങൾക്ക് ഭക്ഷണത്തിനായി അവരെ ആക്രമിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം, അഞ്ച് പശുക്കളും യുദ്ധം ചെയ്തു, ഓരോന്നും ഓരോ സ്ഥലത്ത് പുല്ല് തിന്നാൻ തുടങ്ങി. കിട്ടിയ അവസരം മുതലാക്കാൻ തീരുമാനിച്ച സിംഹങ്ങൾ അവയെ ഒന്നൊന്നായി കൊന്നൊടുക്കി .

കഥയുടെ ധാർമ്മികത - ഐക്യമാണ് ശക്തി

സ്നേഹ
9B

# കാറ്റ്

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞകാറ്റേ
നിൻ മുഖം കാണുവാനെത്രനാളായ്

ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പ
എങ്ങുമേ കാണേവനാാനില്ലി ! പക്ഷെ
ഉമ്മ വയ്ക്കുന്നു നിയെൻ കവിളിൽ

ഒന്നേരെന്റെ കൺമുമ്പിൽ വന്നൂ കൂടേ
ഒന്നിച്ചൊരരല്പം കളിച്ചുകൂടേ ?
ഒന്നിച്ചൊരല്പം കളിച്ചുകൂടേ ?

കീർത്തന
8B

# വിദ്യ

എന്റെ വിദ്യാലയമാണെന്റെ
വിജയത്തിന്റെ തിരിനാളം
നൂറുമേനി വിജയമാമെന്റെ-
വിദ്യാലയത്തിന്
വിമലതൻ മുറ്റത്ത്
ഒരായിരം മലരുകൾ പൂവിടാ-
നെത്തുമ്പോൾ , കാറ്റും മഴയും-
പേമാരിയുമായ് വർഷങ്ങൾ-
കൊഴിയുന്ന , വിജയങ്ങൾ കുതിയ്ക്കുന്നു-
ഓരോമലരും പൂവായ് വിടർന്നു-
വിലസി , പൂമണം പരത്തുമ്പോൾ-
ഹാ ചിരിച്ചുകൊണ്ടുയരുന്ന-ഓരോ-
പൈതലും അറിവിന്റെ നിറകുടങ്ങളായ്
വളരുന്നു , ഉയരുന്നു ജീവിതവീഥിയിൽ
പഠിക്കുന്ന വിദ്യാലയം , നല്ലതായിരുന്നാൽ
വിമലയെപ്പോലെ , അറിവിന്റെ നിറവായാൽ
ജീവിതത്തിൽ ഒരു മുതൽക്കൂട്ടായ്-
അറിവിന്റെ നൂറുമേനി , വിജയത്തിന്റെ-
പൊൻ തിളക്കം

ഹന്ന

8B

# മഴവില്ലിനോട്

മാമലനാടിനെ നോക്കിച്ചിരിക്കുന്ന
മാനത്തെ മാലാഖയെന്നപോലെ!
വാർമഴവില്ലേ , വിരുന്നു വന്നെൻവീട്ടു-
വാതിലിന്നുപ്പുറം നിൽക്കയോ നീ
താഴത്തുനീവരുമെന്നോർത്തൻമാനസ-
മേഴുവർണ്ണങ്ങളും ചാർത്തി നിൽപ്പൂ!
മോഹങ്ങൾ പീലിവിരിക്കുന്നു , നീയെൻ
ഗേഹത്തിലേക്കു വിളിപ്പൂ വീണ്ടും
നീർമണിമുത്തുകൾ മണ്ണിൽ വിതയ്ക്കുവാൻ
നീ വന്നെതാണെന്നു കേട്ടിരിപ്പൂ
നേരായിടാമതെന്നാലും , കിനാവുപോൽ
മാരിവില്ലേ നീ മറയരുതേ
കണ്ടു കൊതിതീർന്നതില്ലതിൻ മുമ്പെന്റെ
കണ്ണിൽ നിന്നയ്യോ നീ പോകരുതേ

അയന

8B

# അശ്വമേധം

ആരൊരാളെൻ കുതിരയെകെട്ടുവാൻ
ആരൊരാളതിന്മാർഗ്ഗം മുടക്കുവാൻ
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ
വിശ്വസംസ്കാരവേദിയിൽപുത്തനാം
അശ്വമേധം നടത്തുകയാണു ഞാൻ

നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായും
എൻ കുതിരയെ ചെമ്പൻ കുതിരയെ
എന്തൊരുന്മേഷമാണതിൻ കൺകളിൻ
എന്തൊരുത്സാഹമാണതിൻ കൺകളിൽ
കോടികോടിപുരുഷാന്തരങ്ങളിൽക്കൂടി
നേടിയതാണതിൻ ശക്തികൾ

അനീറ്റ

# ലഹരി എന്ന കെണി

ഇന്നത്തെ സമൂഹം നേരിടുന്ന വളരെ വലിയ ഒരു വെല്ലുവിളിയാണ് ലഹരി .കുഞ്ഞുങ്ങൾ ,യുവാക്കൾ തുടങ്ങി എല്ലാ പ്രായവിഭാഗത്തിൽ പെട്ടവരും ഇന്ന് ലഹരിക്ക് അടിമകൾ ആകുന്നു .ഒരു വ്യക്തിക്ക് സംഭവിക്കുന്ന മാറ്റങ്ങൾ അയാളുടെ കുടുബത്തെയും സമൂഹത്തെയും ഒരു പോലെ ബാധിക്കുന്നു . സമാനമായി ഒരു വ്യകതി ലഹരിക്ക് സ്വയം മറന്ന് ലഹരി എന്ന ചിന്തയിൽ മുഴുകി ജീവിക്കുമ്പോൾ അയാളുടെ സ്വപ്നങ്ങളോടൊപ്പം സമൂഹത്തിന് അയാളിലുള്ള പ്രതീക്ഷകൾ കൂടിയാണ് നഷ്ടപെടുന്നത്. ലഹരിക്ക്  അടിമപ്പെട്ട് സ്വന്തബന്ധങ്ങളെ പോലും തിരിച്ചറിയാൻ കഴിയാതെ സ്വന്തം മാതാപിതാക്കളെയും സഹോദരങ്ങളെയും കൊന്നവരെ കുറിച്ചുള്ള വാർത്തകൾ നമുക്കിന്നു അപരിചിതം അല്ല.ഈ ഭയാനക അവസ്ഥയായെ മറികടക്കാൻ നാം ഓരോരുത്തരും തയ്യേറുടുക്കണം.നമുക്ക് സ്വയം ബോധവത്കരിച്ചു മുന്നേറാം …………..

Devanandha V.S
9.E M.T.G.H.S

# വിശ്വം ദീപമയം

മാലുള്ളതാണീ  മഹിയെന്നുവെച്ചു
മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?
തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു  ധർമ്മമല്ലേ?

കൈവിട്ടുപൊയപ്പോയ് പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചോരു കാര്യമുണ്ടോ?
വരേണ്ടതല്ലേ നിശയും നമുക്കു
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ

ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ-
ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ
അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻ-
പദ്ദീപമേകുന്നു കൊളുത്തി വീണ്ടും.

സൗമ്യ
8G

# ബഹിരാകാശ ക്വിസ്

1.ആദ്യമായി ചന്ദ്രനിൽ ഇറങ്ങിയ പേടകം?
ലൂണാ

2.ചന്ദ്രോപരിതലത്തിൽ ഇറങ്ങാൻ ഉപയോഗിച്ച ചെറുവാഹനം?
ഈഗിൾ

3.ഇന്ത്യയുടെ ആദ്യ ചാന്ദ്രപര്യവേഷണ ദൗത്യം?
ചന്ദ്രയാൻ

4.ഇന്ത്യയുടെ ആദ്യത്തെ കൃത്രിമ ഉപഗ്രഹം?
ആര്യഭട്ട

5.അമേരിക്കയുടെ ബഹിരാകാശ ഏജൻസി?
നാസ

നിയ
9C

# കുസൃതി ചോദ്യങ്ങൾ

. 1.ഏറ്റവും സുരക്ഷിതമായ ചായ ?

സേഫ ടീ

2. ഇപ്പോൾ ഭാഗ്യം എന്നു വിളിച്ചു പറയുന്ന നഗരം ?

Luck now

3. ജാം ആണ് പക്ഷേ കഴിക്കാൻ പറ്റില്ല ?

ട്രാഫിക് ജാം

4. ആഭരണമല്ലാത്തവള ?

തവള

5. ജീവനക്കാർ ഇഷ്ടപ്പെടാത്ത പെൻഷൻ ?

സസ്പെൻഷൻ

6. നാവാണ് പക്ഷേ രുചിയറിയില്ല ?

കിനാവ്

7. കുട്ടികളുള്ള വീട്ടിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന കൃതി ?

വികൃതി

8. എല്ലാവരും തെന്നി വീഴുന്ന രാജ്യം ?

ഗ്രീസ്

9. സവാരിക്കെടുക്കാത്ത ബസ് ?

സിലബസ്

10.സൂര്യനിൽ കാണാത്തത് എന്ത് ?

ഇരുട്ട്

# ഈശ്വര കാരുണ്യം\

കരുണാമയനാകുമീശ്വരൻ പാരിതിൽ
എന്തെല്ലാം നന്മകൾ കരുതിവച്ചു
വിശന്നുകരഞ്ഞൊരു നേരമെൻ അധരത്തിൽ
അമ്മിഞ്ഞപ്പാലായിയമൃതം
അമ്മതൻ വാത്സല്യമതിലൂടെ-
ഞാനറിഞ്ഞങ്ങയുടെ കാരുണ്യ സ്പർശനം
സ്നേഹം ചൊരിഞ്ഞീടാൻ മാതാപിതാക്കളും
അറിവുപകർന്നീടാൻ ഗുരുക്കന്മാരും
അവരിലൂടങ്ങയെക്കാണുന്നു ഞാൻ
നേരിട്ടറിയുന്നു അവിടുത്തെ സ്നേഹം
ശ്വസിക്കുന്ന വായുവും കഴിക്കുന്നൊരന്നവും
നിൻ കൃപാകടാക്ഷത്താലല്ലോ
കൂരിരുൾ മൂടുന്ന ജീവിതപാതയിൽ
നറുതെളിച്ചം പകരണമെന്നും
അക്ഷരത്തോണിയിൽ അറിവിന്റെ തീരത്ത്
കൈതാങ്ങ് തന്ന് നീ കാത്തിടേണം.

ആരതി

# ആറന്മുള വള്ളംകളി

ചിങ്ങ മാസത്തിലെ ഉത്രട്ടാതി നാളിൽ പമ്പ നദിയിൽ നടത്തുന്ന ആറന്മുള ഉത്രട്ടാതി വള്ളംകളി ഈശ്വര പ്രീതിക്കായി നടത്തുന്ന ചടങ്ങാണ് .ഇതിനു പിന്നിൽ ഒരു കഥ ഉണ്ട് . ആറന്മുളക്കടുത്തു കാട്ടൂർ എന്ന സ്ഥലത്തുള്ള മങ്ങാട്ട് ഇല്ലാത്തെ ഭട്ടതിരി വലിയ വിഷ്ണു ഭക്തൻ ആയിരുന്നു .എല്ലാ തിരുവോണത്തിനും ഏതെങ്കിലും ഒരു ബ്രാഹ്മണ ബാലന്റെ കാൽ കഴുകിച്ച ഉണ് നല്കിയിട്ടേ അദ്ദേഹം ഭക്ഷണം കഴിക്കുമായിരുന്നൊള്ളു .

അങ്ങനെയിരിക്കെ ഒരോണത്തിനു ഈ ചടങ്ങു നടത്താൻ ആരെയും കിട്ടിയില്ല . ഭട്ടതിർക്കു വിഷമമായി .ഈ സമയം തേജസ്വീയായ ഒരു ഭ്രാഹ്മണ ബാലൻ അടുത്തേക്കെത്തി ഭട്ടതിരി ആഹ്ലാദത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു സൽക്കരിച്ചു . അടുത്ത വർഷം ഓണം അടുത്തപ്പോൾ ഭട്ടതിരി ആ ഭ്രാഹ്മണ ബാലനെ സ്വപ്നം കണ്ടു . കഴിഞ്ഞ വർഷത്തെ സദ്യയിൽ താൻ സംതൃപ്തൻ ആണെന്ന് ഇനി മുതൽ ഓണസദ്യയ്ക്ക് വേണ്ട സാധനങ്ങൾ എല്ലാം താൻ വസിക്കുന്ന ആറന്മുള ക്ഷേത്രത്തിൽ എത്തിച്ചാൽ മതിയെന്നും ആ ബാലൻ അദ്ദേഹത്തിനോട് പറഞ്ഞു .

ആ ഭ്രാഹ്മണ ബാലൻ ആറന്മുള ദേവൻ തന്നെയാണെന്ന് മനസിലാക്കിയ മങ്ങാട്ട് ഭട്ടതിരി വർഷാവർഷം മുടങ്ങാതെ ഓണസദ്യയ്ക്ക് വേണ്ടതെല്ലാം ഒരുതോണിയിൽ ക്ഷേത്രത്തിൽ എത്തിച്ചുപോന്നു . ആ വെള്ളം ' തിരുവോണച്ചിലവ് തോണി ' എന്നറിയപ്പെട്ടു . ഒരിക്കൽച്ചിലർ തിരുവോണ ചെലവ് ധോണിയെ ആക്രമിച്ചു .എന്നാൽ ഇക്കാര്യം അറിഞ്ഞു കൊച്ചു വള്ളങ്ങളിൽ അവിടെയെത്തിയ നാട്ടുകാർ അക്രമികളെ തുരത്തി മാത്രമല്ല ,തിരുവോണ ചിലവുതോണിക്ക് അകമ്പടിയായി അവർ ക്ഷേത്രം വരെ പോയി .

പിന്നീട് തിരുവോണച്ചിലവ് തോണിക് അകമ്പടിയായി നാട്ടുകാർ പോകുന്നത് പതിവായി . അത്താണി രൂപം കൊടുത്തവയാണ് പള്ളിയോടങ്ങൾ . പക്ഷെ ,ഈ യാത്ര രാത്രി ആയതുകൊണ്ട് പലർക്കും അതിൽ പങ്കെടുക്കാൻ സാധിച്ചിരുന്നല്ല . അതിനാൽ ഓണാഘോഷത്തിന്റെ സമാപന ദിവസം ആയ ഉത്രട്ടാതി നാലിൽ എല്ലാ തോണികളും പങ്കെടുക്കുന്ന ഒരു ജലോത്സവം നടത്താൻ തീരുമാനിച്ചു . ഇതാണ് ആറന്മുള വള്ളംകളിക്ക് പിന്നിലെ ചരിത്രം .

By:
Nathi N
9E,MTGHS,KTR



# കുട്ടനാടൻ പുഞ്ചയിലെ

കുട്ടനാടൻ പുഞ്ചയിലെ
തെയ് തെയ് തക തെയ് തെയ് തോം
കൊച്ചു പെണ്ണേ കുയിലാളേ
തിത്തിത്താതി തെയ് തെയ്
കൊട്ടുവേണം കുഴൽവേണം കുരവവേണം
ഓ തിത്തിത്താരാ തിത്തിത്തെയ്
തിത്തൈ തിത്തൈ തകതെയ്
വരവേൽക്കാനാളു വേണം
കൊടി തോരണങ്ങൾ വേണം
വിജയശ്രീലാളിതരായ് വരുന്നു ഞങ്ങൾ
ഓ തിത്തിത്താരാ തിത്തിത്തെയ്
തിത്തൈ തിത്തൈ തകതെയ്

കറുത്ത ചിറകു വെച്ചു
തിത്തൈ തക തെയ് തെയ് തോം
അരയന്നക്കിളി പോലെ
തിത്തിത്താരാ തെയ് തെയ്
കുതിച്ചു കുതിച്ചു പായും കുതിര പോലെ
ഓ തിത്തിത്താരാ തിത്തിത്തെയ്
തിത്തൈ തിത്തൈ തകതെയ്
തോൽ വിയെന്തെന്നറിയാത്ത
തല താഴ്ത്താനറിയാത്ത
കാവാലം ചുണ്ടനിതാ ജയിച്ചു വന്നു
ഓ തിത്തിത്താരാ തിത്തിത്തെയ്
തിത്തൈ തിത്തൈ തകതെയ്
കുട്ടനാടൻ പുഞ്ചയിലെ
കൊച്ചു പെണ്ണേ കുയിലാളേ
കൊട്ടുവേണം കുഴൽവേണം കുരവവേണം
ഓ തിത്തിത്താരാ തിത്തിത്തെയ്
തിത്തൈ തിത്തൈ തകതെയ്

ഷെറിൻ എസ് സജി
9 ബി

# നീലാകാശം

ഒരിക്കലും അവസാനിക്കാത്ത വഴി
മാലാഖമാർ സഞ്ചരിക്കുന്ന വഴി
ദേവന്മാർ ഉറ്റ് നോക്കാൻ വേണ്ടി നിൽക്കുന്ന
ഇടം
നീല നിറമുള്ളത
അതാണ് ആകാശം
ജല ധാതുക്കൾക്കെല്ലാം നിറം നൽകുന്നു
ഭൂമിയിലേക്ക് കണ്ണുനീർ തുള്ളി പോലെ മഴ
ചൊരിയുന്നു
കാർമേഖങ്ങൾ നിറഞ്ഞ് ഭയാനകമാകുന്നു
ഇരുളും വെളിച്ചവും കൈകോർത്ത
പിടിക്കുന്നു
മേഖങ്ങൾ ഒഴുകി പോകുന്ന വഴി വിശാ
ദീപമയം ആകുന്നു
സൂര്യനെ ഒളിപ്പിക്കുന്ന മേഖങ്ങൾ
സമുദ്രത്തിന് തുല്യമായി ഉള്ളത
എല്ലാവരേയും സന്തോഷിപ്പിക്കുന്നത
അതാണ് ആകാശം
സ്നേഹ റെയ്ച്ചൽ ഷെൽജി 9B

# വായനയുടെ പ്രാധാന്യം

മനുഷ്യ ജീവിതത്തിൽ വായനയ്ക്ക് ഒഴിച്ചുകൂടാനാകാത്തത്ര പ്രാധാന്യമുണ്ട്.വായന ഒരു മനുഷ്യനെ അറിവിന്റെ ഉന്നത തലങ്ങളിലെത്തിക്കും.വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും കുഞ്ഞുണ്ണിമാഷിന്റെ ഈ മഹത്തായ വാക്കുകൾ എന്നും നാം മനസ്സിൽ സൂക്ഷിക്കണം.വായിച്ചാൽ എന്നും എപ്പോഴും വിജയിക്കും. എന്നാൽ വായിക്ക്ത്തവൻ എന്നും എപ്പോഴും പരാജയപ്പെടും. വായന നമ്മുടെ മനസ്സിന് ശാന്തത നൽകും. അത് നമ്മെ സന്തോഷിപ്പിക്കും. വായന നമ്മെ മറ്റൊരു തലത്തിലേക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. കൃത്യമായി വായിക്കുന്നവന് ഒന്നിനെയും ഭയക്കേണ്ട കാര്യമില്ല. അവൻ എല്ലാ പ്രതിസന്ധികളും ധൈര്യപൂർവ്വം തരണം ചെയ്യും. മഹാത്മാരുടെജീവചരിത്രങ്ങളും അവരുടെ അനുഭവങ്ങളും വായിച്ചറിയുന്നതിലൂടെ നമുക്ക് ജീവിക്കാനുള്ള തന്റേടവും പ്രേരണയും ലഭിക്കും. വായന എന്നു പറയുന്നത് ജീവിതവിജയത്തിനുള്ളൊരു ഒറ്റമൂലിയാണ്. പി.എൻ.പണിക്കരുടെ ചരമദിനം വായാനാദിനമായി ആചരിക്കപ്പെടുന്നു. ഈ അവസരത്തിൽ എല്ലാവരും അദ്ദേഹത്തെ നന്ദിപൂർവ്വം സ്മരിക്കുന്നു. മലയാളഭാഷയ്ക്ക് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ അനവധിയ്ണ്. വായിച്ചു വളരുന്നവൻ തീർച്ചയായും വിജയത്തിന്റെ കൊടുമുടി കീഴടക്കും.

ദിയ

9B

# ജീവിതം

ജീവിതം ഒരു കടൽപോലെ,
ആടിയുലഞ്ഞുനിൽക്കുന്ന പൂമരംപോലെ
പൂവിൽ വിടരും തെൻപോലെ,
വാനിൽ പറക്കും പക്ഷികൾപോലെ.

ജീവിതത്തിന്റെ പടിവാതിൽക്കൽ
ചവിട്ടാൻ പോകുന്നവർ നമ്മൾ
അവരവരിൽ നല്ലതുകാൽ-
ജീവിതം എത്രസുഖകരം

ജീവിതം ചിതറിതെറിക്കാൻ ഒരു നിമിഷം
ഒന്നിക്കാനോ,വേണ്ടത് പല നിമിഷം
ജീവിതം എന്ന ആഴത്തിൽമഴയായ് പെയ്തിടും സന്തോഷം

മനുശ്യരിലാണ് ജീവിതം
ജീവിതം മൃതുലമാകണമെങ്കിൽ,
മനുഷ്യരായ നമ്മളിൽ
സന്തോഷം അലതല്ലണം.

## മാധു സദീഷ്
8A

# വലുതും ചെറുതും

ഒരു പുഴയില് ഒരു വലിയ മീനും ഒരു ചെറിയ മീനും ഉണ്ടായിരുന്നു.
വലിയ മീൻ ചെറിയ മീനെ എന്നും
കളിയാക്കുമായിരുന്നു.
അവൻ ചെറുതാണ് ഞാൻ വലുതാണ് എന്ന ഭാവത്തിൽ
അഹങ്കാരിക്കുകയു
ചെയ്തിരുന്നു. ഇത് കേൾക്കുമ്പോൾ ചെറിയ മീന് വിശമം
വരും.
അപ്പോൾ അവൻ ഒഴിഞ്ഞ് മാറും. ഒരു ദിവസം ഒരു മീൻ
പിടിക്കാരൻ പുഴയിൽ
വലയെറിഞ്ഞു. അവർ ഇരുവരും വലയിൽ കുടുങ്ങി.
എന്നാൽ
ചെറിയ മീൻ ചെറുതായതുകൊണ്ട്
വലക്കണ്ണികളിലിടയിലൂടെ
രക്ഷപ്പെട്ടു. ഇതു കണ്ട് വലിയ മീൻ കരയാൻ തുടങ്ങി.
അഹങ്കാരം

അഞ്ജന എ

# കാലാവസ്ഥ

കടലിലെ താപവ്യതിയനാങ്ങൾക്ക്നുസരിച്ചാണ് കരീബീയൻ ദ്വീപുകളെ കാലാവസ്ഥ രൂപപ്പെടുന്നത് .കൊടുംകാറ്റും പ്രകൃതിദുരന്തങ്ങളും ഇവിടെ സാധാരണമാണ് . സമുദ്രനിരപ്പിൽനിന്നു അല്പം മാത്രം ഉയർന്നു സ്ഥിതിചെയ്യുന്ന വെസ്റ്റ്ഇൻഡീസ് ദ്വീപുകൾ ആഗോളതാപനം മൂലമുള്ള സമുദ്രനിരപ്പ് ഉയരൽ ഭീഷണിനേരിടുന്നുണ്ട് . കടലിലെ താപനിലയിൽ ഉണ്ടാകുന്ന വ്യത്യാസം കാരണം ശക്തമായ മഴയും വെള്ളപ്പൊക്കവും എവിടെ സാധാരണമാണ് .ബഹാമസ് ,ട്രിനിഡാഡ് ആൻഡ് ടാബേഗോ ദ്വീപുകളാണ് ജലനിരപ്പുയരൽ ഭീഷണി നേരിടുന്നവയിൽ മുന്നിലുള്ളത് . വെസ്റ്റ് ഇൻഡീസ് ദ്വീപുകളിലെ കൃഷി ,ടൂറിസം  എന്നിവയെ കാലാവസ്ഥവ്യതിയാനം പ്രതികൂലമായി ബാധിക്കുന്നുണ്ട് .തുടർച്ചയായ പ്രകൃതിശോഭങ്ങൾ കാരണം വിനോദസഞ്ചാരികൾ ഇവിടേക്ക് വരുന്നത് കുറഞ്ഞു . ഭൂകമ്പം ,കൊടുങ്കാറ്റ്  എന്നിവയ്ക്കൊപ്പം ഉയർന്ന ജനസാന്ദ്രത ,ദാരിദ്ര്യം എന്നിവയും വെസ്റ്റ് ഇൻഡീസ് ദ്വീപുകൾ നേരിടുന്ന പ്രശ്നങ്ങളാണ് .ജനവാസത്തിനുപറ്റിയ കുറച്ചു ദ്വീപുകളിലായി ഭൂരിഭാഗം ജനങ്ങളും തിങ്ങിപാർക്കുന്നതിലാണ് ജനസാന്ദ്രത്തവർദ്ധിക്കുന്നതു .

By:
Irin Raichel Sam
9E,MTGHS,KTR



# ആദ്യത്തെ ചിപ്കോ സമരം

ഇന്നത്തെ ഉത്തരാഖണ്ഡിലുള്ള അളകനന്ദ താഴ്വരയിലെ മണ്ഡല ഗ്രാമത്തിൽ 1973 ഏപ്രിലി നടന്ന സമരമാണ് ആദ്യ ചിപ്കോ സമരം .ആ പ്രദേശങ്ങളിൽ കാർഷികോപകരണങ്ങൾ വനത്തിലെ തടി ഉപയോഗിക്കാൻ അധികൃതർ ഗ്രാമീണരെ അനുവദിച്ചിരുന്നില്ല . എന്നാൽ ,കായികോപകരണങ്ങൾ നിർമ്മിക്കുന്ന കമ്പനിക്കായി അധികൃതർ വനഭൂമി വിട്ടു നൽകിയതോടെ പ്രതിഷേധമുയർന്നു .
വനം കൊള്ളയ്ക്കെതിരെ ധീരമായ നിലപാടെടുത്ത സഹകരണ സംഘമായിരുന്നു ദശൗലി ഗ്രാമസ്വരാജസംഗം . അവർ ഇതിനെതിരെ ജനങ്ങളെഅണിനിരത്തി . അനുമതിനൽകിയ ഭരണാധികാരികൾക്കും കയ്യൂക്കിനും മടിക്കാത്ത കമ്പിനിക്കുമെതിരെ വെത്യസ്തമായ സമര രീതിയാണ് അവർ സ്വീകരിച്ചത് വാളുമായി എന്തിയവർ കണ്ടത് മരങ്ങളെ കെട്ടിപ്പുണർന്നു നിൽക്കുന്ന ഗ്രാമീണരെ ആണ് . ആ നിശ്ചയദാർട്ടിയതിനുമുന്പിൽ പരാജയ പെട്ടവർ മലയിറങ്ങി .
സമരം വൻ വിജയമായി . അതോടെ സുന്ദർലാൽബഹുഗുണയുടെ നേതൃത്വത്തിൽ മണ്ണ് ഗ്രാമങ്ങളെ കൂടി ചിപ്കോപ്രസ്ഥാനത്തിൽ അണിനിരതനായി ശ്രമം .

By:
Swapna Santhosh
9E , MTGHS,KTR



# ഡാറ്റകൊണ്ട് എന്ത് ചെയ്യാം ?

എന്തുംചെയ്യാം എന്നതാണ് ഉത്തരം ! വലിയ ഒരു രാജ്യത്തെ തിരഞ്ഞെടുപ്പിനെ മുതൽ ചെറിയൊരു വീട്ടിലെ അടുക്കളയെ വരെ ഇന്ന് ഡാറ്റക്ക് സ്വാധീനിക്കാനകും. ഓരോരുത്തരുടെയും വ്യക്തി വിവരങ്ങൾ അടക്കമുള്ള ഡാറ്റ ഇന്ന് ലോകത്തു ഏറ്റവും മൂല്യമുള്ളതും കൈമാറ്റം ചെയ്യപെടുന്നതുമായ കച്ചവട ചരക്കാണ്.

ഒരാൾ എത്ര മണിക്ക് എഴുന്നേൽക്കുന്നു ,എത്ര മണിക്ക് ഓഫീസിൽ പോകുന്നു , സഞ്ചരിക്കുന്നു ,അയാളുടെ വരുമാനമെത്ര ,അത് അങ്ങനെ ചിലവാക്കുന്ന , വിനോദങ്ങൾ എന്തൊക്കെ , ഇഷ്ട്ടപെട്ട ഭക്ഷണം ,സ്ഥലങ്ങൾ , സോഷ്യൽ മീഡിയ - ഇന്റർനെറ്റ് ഉപയോഗം ,രാഷ്ട്രീയ ചായിവ് എന്ന് തുടങ്ങി മെഡിക്കൽ റിപോർട്ടുകൾ വരെ ഉള്ള എല്ലാ വിവരങ്ങളും സ്വരുക്കൂട്ടി ആയിരകണക്കിന് ' അൽഗരിത' ങ്ങൾ കൊണ്ട് ടാറ്റ മോഡൽ ചെയ്തു രാഷ്ട്രീയ വാണിജ്യ കാര്യങ്ങൾക്കായി ഇന്നുപയോഗിക്കുന്നു.

ടാറ്റായുടെ കാര്യത്തിൽ ആർക്കും ആരെയും സംശയിക്കാം.അമേരിക്കക്കാർ അത് റഷ്യയുടെ കയ്യിൽ ചെന്നെത്തുമെന്നു ഭയക്കുന്നുവെങ്കിൽ ഇന്ത്യക്കാർ ചൈനയെയും അമേരിക്കയെയും സംശയിക്കുന്നു .എന്നാൽ രാജ്യങ്ങൾ തമ്മിലുള്ള പേരിലുപരിയാണ് ടാറ്റ ചോരുന്നത് കൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ .ഹാക്കർമാർക്കു നമ്മുടെ 'വ്യക്തിത്വം 'മോഷ്ടിക്കാനാകും. ഇത് മറ്റൊരാളെ നമ്മളായി ഭവിക്കാം അനുവദിക്കും.ഒരാളുടെ മരണശേഷം അയാളെ പ്രനീതീകരിക്കുന്നതും ഈ ഡാറ്റയായിരിക്കും പുറമെ ഒരു മുഖവും സ്വകാര്യതയിൽ മറ്റൊരുമുഖവുമുള്ളവരുടെ തനി നിറം ടാറ്റയിലൂടെ വെളിപ്പെടും.ഡാറ്റ നാളെ പണത്തേക്കാൾ മൂല്യമുള്ളതാകും.ഡാറ്റയിൽനിന്നു ഉൾക്കാഴ്ചകൾ കിട്ടും എന്ന അറിവാണ് അതിനെ അമൂല്യമാക്കുന്നതു .

BY
Nikitha.S
9E,MTGHS



# പിടിമുറുക്കുന്ന വെള്ളക്കാർ



16 -19  നൂറ്റാണ്ടുകളിൽ  പലഘട്ടങ്ങളിലായി വെസ്റ്റിൻഡീസ് ദീപ് സമൂഹങ്ങളെ യൂറോപ്യൻ ശക്തികൾ പല കോണുകളായി വിഭചിച്ചെടുത്തു .ഫ്രഞ്ചുവെസ്റ്റ്ഇൻഡീസ്, നെയ്യേർലാൻഡ്സ് വെസ്റ്റിൻഡീസ് (ഡച്ച് വെസ്റ്റ് ഇൻഡീസ് ), സ്പാനിഷ് വെസ്റ്റ് ഇൻഡീസ് എന്നിങ്ങനെ .

1916 -ൽ ഡെൻമാർക്ക് തങ്ങളുടെ അതീനതയിലുള്ള ഡാനിഷ് വെസ്റ്റ് ഇൻഡീസിനെ 183 ,35 ,62 ,500  രൂപ മൂല്യം വരുന്ന സ്വർണത്തിനു പകരമായി അമേരിക്കക്ക് വിറ്റു . ഇതാണ്  പിന്നീട് വെർജിൻ ദ്വേപ്കുൽ എന്ന പേരിൽ അറിയപ്പെട്ടത് . ഒരു കാലത്തു ബ്രിട്ടീൻ  ആയിരുന്നു വെസ്റ്റ് ഇൻഡീസിൽ ആധിപത്യം . ഇന്നും കരീബിയൻ കടലിലെ കെയ്മാൻ ദ്വേപുകൾ ,ബ്രിട്ടീഷ് വെർജിൻ ദ്വേപുകൾ തുടങ്ങിയ 5 ദ്വേപുകളിടെ പ്രതിരോധം ,സുരക്ഷാ ഇവയെല്ലാം കൈകാര്യം ചെയുന്നത് ബ്രിട്ടനാണ് .   കറീബയുടെയും വെസ്റ്റ് ഇൻഡീസിന്റെയും അധിനിവേശചിത്രം അത്രമേൽ കെട്ടുപിണഞ്ഞു കിടക്കുകയാണ് .

by:
keziah
9E,MTGHS

# പുഞ്ചിരി

പുഞ്ചിരി  ചെറുപുഞ്ചിരി
പുഞ്ചിരി ഒരു ചെറുചിരി
പുഞ്ചിരി ഒരു തേൻചിരി
പുഞ്ചിരി ഒരു നറുചിരി
കുഞ്ഞിൻ പുഞ്ചിരി അമ്മയ്ക്കിഷ്ടം
കാറ്റിൻ പുഞ്ചിരി കടലിനിഷ്ടം
വെയിലിൻ പുഞ്ചിരി വയലിനിഷ്ടം
മഴയിൻ പുഞ്ചിരി മലരിനിഷ്ടം
വെളിച്ചമില്ലാകാലത്തിൻ
നറുതിരി വെട്ടം നൽകാനായ്
പുഞ്ചിരിക്കൂ എന്നെന്നും
സന്തോഷിക്കൂ എന്നെന്നും
പുഞ്ചിരി ചെറുപുഞ്ചിരി
പുഞ്ചിരി ഒരു പാൽചിരി
ജീവിതമാം പാൽക്കടലിൽ
അലതല്ലട്ടെ പുഞ്ചിരിയെന്നും

അനഘ സുനിൽ
9 b

# സായാഹ്നം

ഒരു കിളിതൻ കദനകഥ പാടി
മറഞ്ഞൊരു സായാഹ്നമേ..................
സുന്ദര രാഗങ്ങൾ ദേവകൂർത്ത-
നങ്ങൾ കേട്ടു നീ വിടവാങ്ങുകയോ
ഒരു സൂര്യൻ മറഞ്ഞെങ്കിലും
നിൻ സൗന്ദര്യം മാഞ്ഞുപോകയോ
ഇനിയും മറന്നു-
പോകയില്ലനിൻ വർണ്ണ-
പകിട്ടാർന്നൊരീ മുഖം...................
ഇത്രനാളും ഞാൻ ഞാനെന്ന
ഭാവത്താൽ ജീവിതം മറന്നുനടന്നു..............
ഇനിയൊരുപക്ഷെ കാണുവാൻ
കഴിയില്ല എനിക്കുനിന്നെ
സായാഹ്ന സംഗീതം ആലപിച്ചുകൊണ്ടു
ഞാൻ പോയികൊള്ളട്ടെ സ്വർലോക
സൗന്ദര്യം ആസ്വദിക്കുവാൻ

**അമയ ദിലീപ്**

# ന്യൂക്ലിയർ ഫ്യൂഷൻ

ഭാരം കുറഞ്ഞ രണ്ടു ന്യൂകളുസുക്കൾ കൂടിച്ചേർന്ന ഭാരം കൂടിയ അണുകേന്ദ്രമാകുന്ന പ്രക്രിയയാണ് ന്യൂക്ലീർ ഫ്യൂഷൻ .സൂര്യനിലും നക്ഷത്രങ്ങളിലും തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നത് ഈ പ്രവർത്തനമാണ് . ഇതിന്റെ ഫലമായി വലിയതോതിൽ ഊർജ്ജം പുറത്തേക്ക് വരുന്ന ന്യൂകളെയോസിന്തെസിസ് എന്ന പ്രക്രിയയുടെ ഭാഗമായി ചെറിയ മൂലകങ്ങൾ സൃഷിട്ടിക്കപെട്ടത് ന്യൂക്ലീർ ഫ്യൂഷനിലൂടെയാണ് .


ന്യൂക്ലീർ ഫ്യൂഷനിലും ഊർജ്ജോത്പാദനം നടക്കുന്നത് ഇൻസ്റ്റിനിടെ സമവാക്യം അനുസരിച്ചാണ് കുടിച്ചേര്ന്ന അണുകേന്ദ്രംങ്ങളുടെ അറ്റോമിക് ഭാരത്തെക്കാൾ കുറവായിരിക്കും പുതിയതായി ഉണ്ടാക്കുന്നന്യൂകളുശ്രുക്കളുടെ അക്കെ ഭാരം . ഇങ്ങനെ കുറവുവന്ന അറ്റോമിക ഭാരം ഇന്റസ്റ്റിന്റെ സമവാക്യാം അനുസരിച്ച ഊർജ്ജമായി മരുന്ന്.

ന്യൂക്ലീർ ഫ്യൂഷനിൽ ഉണ്ടാക്കുന്ന ഊർജ്ജാജ്വം താപരൂപത്തിൽ ആയിരിക്കും അതിനെ സമാഹരിച്ച ഫിഷൻ റിയാക്ടറികളുടെ തുപൊലെ വൈദ്യുതി ഉള്ളപധാനത്തിനു ഉപയോഗിക്കാനാണ് ഗവേഷകർ ശ്രുമിക്കുന്നത് .

By:

Parayaga S Krishnan

9E, MTGHS,KTR



# കൊടുങ്കാറ്റുകളുടെ നാട്

ഉഷ്ണമേഖലാ കൊടുങ്കാറ്റുകൾക് കുപ്രസിദ്ധമാണ് കരീബിയൻ കടൽ .ഇവിടുത്തെ ദ്വീപുകൾ ആകെട്ടെ ,ഈ കൊടുങ്കാറ്റുകളുടെ സ്ഥിരം ഇരകളും .മണിക്കൂറിൽ 120 കിലോമീറ്ററോളം വേഗത്തിൽ വീശിഅടിക്കുന്ന കൊടുങ്കാറ്റുകൾ സംഹാരതാണ്ഡവമാടത്ത ദ്വീപികൾ ഇവിടെവളരെകുറവാണ് .ശക്തമായ കാറ്റും പേമാരിയുമായി വരുന്ന ഇവ തിരത്തെത്തുമ്പോഴേക്കും അതിതീവ്രതമാവുകയും കനത്ത നാശനഷ്ടം വിതകുകയും ചെയ്യും .കൊടുങ്കാറ്റുകൾ ഇവിടുത്തെ കർഷകമേഖലയുടെ നട്ടാലോടിക്കുന്നു .ഒപ്പം ,ഇടക്കിടെ ഉണ്ടാകുന്ന വെള്ളപൊക്കം മണിന്റെ വളക്കൂർ ഇല്ലാതാക്കുന്നു .പ്രകൃതി ദുരന്തങ്ങൾ ജീവിതത്തിന്റെ പകമായാണ് ദ്വീപവാസികൾ കാണുന്നത് .പലരും കൊടുങ്കാറ്റിനെഅതിജീവിക്കുന്ന വീടുകളാണ് ഇന്ന് അവിടെ നിർമിക്കാറുള്ളത് .

ഗ്രേയ്റ്റർ അന്റിലിസിന്റെ ഭാഗമായ ഹിസ്പാനിയോള ദ്വീപിലാണ് ഡൊമിനിക്കൻ റിപ്പബ്ലിക്ക് ,ഹെയ്റ്റി എന്നീ രാജ്യങ്ങൾ സ്ഥിരം ചെയ്യുന്നത് 1492 -ൽ കൊളംബസ് ആദ്യമായ് എത്തിയപ്പോൾ  ഈ ദ്വീപിനെ എസ്പാനോല എന്നാണ് വിളിച്ചത് .കുഞ്ഞൻ സ്പെയിൻ എന്നായിരുന്നു ആ പേരിന് അർഥം .പിന്നീട് അതിന്റെ ഇംഗ്ലീഷ് രൂപമായ ഹിസ്പാനിയോള എന്ന പേര് ദ്വീപിന് ലഭിച്ചു .

By:
Bismi Shibu
9E,MTGHS,KTR






മാർത്തോമ്മാ ഹൈസ്കൂൾ ഫോർ ഗേൾസ്
കൊട്ടാരക്കര
75 -ാമത് റിപ്പബ്ലിക് ദിനാഘോഷം


SCHOOL FOR GIRLS
GATE
WELCOME

നന്ദി